# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./1521/ജി.പി.1/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/02/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./1521/ജി.പി.1/2021 തീയ്യതി: 08/02/2022

## തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-11-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-09-2021 | 27-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 27-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പിഎസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത ബിപി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശ ജിആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ കോസലരാംദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രഞ്ജിത്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സരസികുട്ടപ്പൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീമതി ഷൈലജകുമാരി ബി | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| ശ്രീ സന്തോഷ് കുമാർ | സെക്രട്ടറി | 01-04-2020 | 29-07-2020 |
| ശ്രീ ഹരിൻബോസ് എ | സെക്രട്ടറി | 30-07-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സന്തോഷ് കുമാർ | സെക്രട്ടറി | 01-04-2020 | 29-07-2020 |
| ശ്രീ ഹരിൻ ബോസ്. എ | സെക്രട്ടറി | 30-07-2020 | 31-03-2021 |
| ശ്രീമതി രമ്യ എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സംഗീത സിഎസ് | ചീഫ് മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ജയകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജിനി ചന്ദ്രൻ | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ആശാരാജൻ എസ് | മെഡിക്കൽ ഓഫീസർ, PHC | 01-04-2020 | 31-03-2021 |
| ഡോ വീണ അശ്വതി | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 01-04-2020 | 31-03-2021 |
| ഡോ ഈശ്വരപിള്ള | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ലതാകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി സുജി ആർഎസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ സനൽകുമാർ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗ്ലാഡിസ് ഹാൽവിൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: BINDHULATHA BP (Senior Grade Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-02-2022) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 29-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-02-2022) | 1-3 |
| 4 | പണം നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ<br>Written By: Renjith C (Auditor, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-4 |
| 5 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 04-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-6 |
| 7 | വസ്തു നികുതി, കെട്ടിട നികുതി ഇനത്തിൽ 1,41,154/- രൂപയുടെ കുടിശ്ശിക<br>Written By: Renjith C (Auditor, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-7 |
| 8 | ഭരണ സമിതി തീരുമാനത്തിന് വിരുദ്ധമായി വസ്തു നികുതിയിൽ ഇളവ് നൽകി<br>Written By: Renjith C (Auditor, On 06-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-02-2022) | 1-8 |
| 9 | കെട്ടിട വാടക രജിസ്റ്ററിൽ രസീത് നമ്പറുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Renjith C (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-9 |
| 10 | ഇ ടെണ്ടർ ഫാറവില ലഭ്യമായത് കൃത്യമാണോ എന്ന് ഉറപ്പില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-10 |
| 11 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Renjith C (Auditor, On 06-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-02-2022) | 1-11 |
| 12 | റ്റി.ആർ 7 എ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-12 |
| 13 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-13 |
| 14 | ക്രമ വിരുദ്ധമായി സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നു<br>Written By: Kosalaramadas.K (Senior Grade Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-14 |
| 15 | ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല.<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-15 |
| 16 | സംയുക്ത പ്രോജക്ടുകളുടെ വരവ്, ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-16 |

| | | |
|---|---|---|
| | Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | |
| 17 | കോവിഡിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ച ശമ്പള വിഹിതം തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-17 |
| 18 | വീട് പൂർത്തീകരിച്ചതിനുശേഷവും ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള വീടുകളിൽ അവിദഗ്ധകായികാധ്വാനത്തിന് തുക നൽകിയിരിക്കുന്നു. 8730/- രൂപ ഈടാക്കേണ്ടതാണ്<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-02-2022) | 1-18 |
| 19 | പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ കിഴിവ് കുറവ് വരുത്തിയില്ല. അധികമായി അനുവദിച്ച 14,652/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി.<br>Written By: BINDHULATHA BP (Senior Grade Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-19 |
| 20 | മുൻക്കുറുകൾ ക്രമീകരിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-20 |
| 21 | പൊരുത്തപ്പെടുത്തൽ പത്രിക സമയബന്ധിതമായി തയാറാക്കുന്നില്ല.<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-21 |
| 22 | ചെക്കുകൾ കളക്ഷനായില്ല- വിശദാംശങ്ങൾ ലഭ്യമല്ല- തനത് ഫണ്ടിന് നഷ്ടം 67317/- രൂപ<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-22 |
| 23 | സമയപരിധിയിൽ പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾ - ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-23 |
| 24 | മറ്റു വരവുകൾ - ഉറവിടം കണ്ടെത്താനാകാതെ 11,97,965/- രൂപ<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-24 |
| 25 | ഭരണസമിതി തീരുമാനത്തിൻമേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-25 |
| 26 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – 566888/- രൂ തടസ്സപ്പെടുത്തുന്നു<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-26 |
| 27 | ക്വട്ടേഷൻ കൂടാതെയുള്ള സാധനം വാങ്ങൽ - ആവശ്യകത നിർണ്ണയിക്കുന്നില്ല<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-27 |
| 28 | ഹരിതകർമ്മസേന – കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-28 |
| 29 | തെരുവുവിളക്ക് മെയിന്റനൻസ്- പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-29 |
| 30 | രേഖകൾ ഹാജരാക്കിയില്ല – 20000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 1-30 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asha G R (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 4-1 |
| 2 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu P.S (Audit Officer, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sindhu P.S (Audit Officer, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sindhu P.S (Audit Officer, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu P.S (Audit Officer, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 4-6 |
| 7 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sindhu P.S (Audit Officer, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sindhu P.S (Audit Officer, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu P.S (Audit Officer, On 07-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-02-2022) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sindhu P.S (Audit Officer, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-02-2022) | 4-10 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.03.2020 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 258298058/- രൂപ വരവും 105295000/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. ബജറ്റ് തയ്യാറാക്കുന്നതിലെ / ചെലവുകൾ നിയന്ത്രിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവിലും വളരെ കുറഞ്ഞ വരവാണ് ലഭിച്ചിട്ടുള്ളത് . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2020-21 വാർഷിക കണക്കുകൾ പ്രകാരം വരവ് തുക | 2020-21 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് |
|---|---|---|
| 1102001 തൊഴിൽ നികുതി | 1596462 | 3600000 |
| 1103001 പരസ്യനികുതി | 0 | 200000 |

പരസ്യനികുതി നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ വരുമാനം അല്ലാതിരുന്നിട്ടും ഈയിനത്തിൽ വരവും ബജറ്റിൽ ഉൾപ്പെടുത്തി. പഞ്ചായത്തിന് ലഭിക്കേണ്ട തുക (ഡിമാന്റ്) പോലും പരിഗണിക്കാതെയാണ് പ്രതീക്ഷിത വരവു തയ്യാറാക്കിയിട്ടുള്ളത്.

ബി) ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ വകയിരുത്താത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവ് ചെയ്തിരിക്കുന്നു.

ഉദാഹരണങ്ങൾ

| ഹെഡ് | 2020-21 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക | 2020-21പരിഷ്കരിച്ച ബജറ്റ് പ്രകാരം വകയിരുത്തിയ തുക |
|---|---|---|
| 2201002 റേറ്റ്സ് | 65346 | 10000 |
| 2201003 നികുതികൾ | 46544 | 20000 |
| 2105001 എംപ്ലോയീസ് പി.എഫ്. കോൺട്രിബ്യൂഷൻ | 78543 | 0 |
| 2207101 അസാധാരണ ചെലവുകൾ | 396570 | 350000 |
| 2305009റിപ്പയർസ്&മെയിന്റനൻസ് | 292165 | 50000 |

വകയിരുത്തിയതിലുമധികമായി ചെലവു ചെയ്തതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (21/19-20തീയതി 23.09.2021) സാംഖ്യയിൽ പേയ്മെന്റ് ചെയ്തപ്പോൾ ഹെഡിൽ തെറ്റായി വന്നതാണ് എന്ന മറുപടി ലഭ്യമാക്കി.

ഗ്രാമപഞ്ചായത്ത് 2019-20 റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരവു ചെലവുകളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ അധികരിച്ച ചെലവുകൾ പേയ്മെന്റ് ഹെഡ് ബുക്ക് ചെയ്തതിലെ പിഴവ് കൊണ്ടാണെങ്കിൽ, ആയതു സംബന്ധിച്ച വിശദമായ മറുപടി, ബുക്ക് ചെയ്യപ്പെട്ട ഹെഡ്, ബുക്ക് ചെയ്യേണ്ടിയിരുന്ന ഹെഡ്, ബുക്ക് ചെയ്ത തുക തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 08.07.2021 | - | - |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ.

1)Income And Expenditure Schedule പ്രകാരം ആകെ വരവ് 140501579/-രൂപയും ആകെ ചെലവ് 146835639 /-രൂപയും ആണ്. ഇതിൻ പ്രകാരം സ്ഥാപനം തൻവർഷം 6334060/-രൂപ Deficit ആയി പ്രവർത്തിക്കുന്നു.

2) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents -മായി പൊരുത്തപ്പെടുന്നില്ല.

4) ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം അനുപൂരക പോഷകാഹാരത്തിനായി തൻവർഷം ലഭ്യമായ തുക 635143/- ആണ്. എന്നാൽ പ്രസ്തുത അക്കൌണ്ടിന്റെ ലെഡ്ജർ പ്രകാരം കേന്ദ്രവിഹിതം ഡെപ്പോസിറ്റ് ചെയ്യുന്നതിനായുള്ള Kerala Gramin Bank ICDS എന്ന അക്കൌണ്ടിലെ തൻവർഷ വരവ് 770893/- ആണ്.

ചെലവ് , സ്റ്റേറ്റ്മെന്റ് പ്രകാരം 763617 ഉം ലെഡ്ജർ പ്രകാരം 1140264ഉം ആണ്.

5) ബി14 – Stock In Hand (Inventories) ൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള 60484/- രൂപയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6) PO SB അക്കൌണ്ട്, DCB തനത് ഫണ്ട് എന്നീ അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

7. SBIതനത് ഫണ്ട് അക്കൌണ്ടിന്റെ മാർച്ച് 2021 ലെ റീ കൺസിലിയേഷൻ പത്രികയിൽ കാലാവധി കഴിഞ്ഞ 235594/- രൂപയുടെ ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. (Cheque Issued But Not Presented Into Bank) ആയത് Stale Cheque ബുക്ക് ചെയ്തിട്ടില്ല.

8. മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. 2019-20 ലെ ധനകാര്യപത്രിക പ്രകാരം മുൻകൂറായി നൽകിയിരിക്കുന്ന തുകകൾ 2020-21 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല,

| ഇനം | 2019-20 ലെ ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് | 2020-21 ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| ടൂർ ടി എ | 2000 | 2000 |
| ഫെസ്റ്റിവൽഅഡ്വാൻസ് | 3000 | 0 |

9. ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂർ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| ഫെസ്റ്റിവൽ അഡ്വാൻസ് | 18000 | 0 |

10 ) ഡെപ്പോസിറ്റിനങ്ങളിൽ വരവ്, ചെലവ് , നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | | | ധനകാര്യപത്രിക പ്രകാരം | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നീക്കിയിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
| Contractors Retension | 0 | 0 | 47 | 32931 | 39887 | 47 |
| Election Deposit | -- | - | - | 52000 | 25000 | 27000 |

രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11.ഹഡ്കോ വായ്പാ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന - വായ്പയിനത്തിൽ ആകെ ലഭിച്ച തുക, വർഷാദ്യം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക, തൻവർഷം ലഭിച്ച തുക, തിരിച്ചടച്ച തുക, നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക എന്നിവയുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

12. മിസലേനിയസ് റസീപ്റ്റ്സ് എന്ന വിരവിനത്തിൽ തനത് ഫണ്ടിന് ലഭ്യമായ 11,97,965/- രൂപയുടെ സ്രോതസ് ലഭ്യമാക്കിയിട്ടില്ല.

13. 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

14. ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം , കരാർ ജീവനക്കാരുടെ വേതനം, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിങ്ങനെയുള്ള മാർച്ച് 2021 ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

15.വാർഷിക കണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

16. ബി 7 പ്രകാരം 1916924/- *രൂപ വിവിധ ഡെപ്പോസിറ്റിനങ്ങളിലെ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ഇതിൽ മൂന്ന് വർഷത്തിലധികമായ ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ ( തുക) ലഭ്യമല്ല.*

ലഭ്യമാക്കിയ രജിസ്റ്ററിൽ മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

17. നോട്സ് ഓൺ അക്കൌണ്ട്സ് ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

18. B18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ (വാട്ടർ അതോറിറ്റി, കെ.എസ് ഇ ബി) രജിസ്ററർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

19. രജിസ്റ്ററിലെ വിവരങ്ങൾ ധനകാര്യപത്രികയിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | | | ധനകാര്യപത്രിക പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി ( കറണ്ട്) | 3056231 | 2365252 | 596441 | 2908464 | 2246095 | 761694 |
| വസ്തുനികുതി ( അരിയർ ) | 972274 | 448676 | 537046 | 230020.7 | 415133 | 585966 |

20) ഡെപ്പോസിറ്റ് വർക്കിനായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെങ്കിലും ബാലൻസ് ഷീറ്റിൽ വിശദാംശങ്ങൾ ഉൾപ്പെടുന്നില്ല.

## 1-3 ഫണ്ട് വിനിയോഗം

| ഇനം | അലോട്ട് മെന്റ് | ചെലവ് തുക എ.സി.ആർ പ്രകാരം | 2019-20 ലെ ക്യ ബിൽ തുക / ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 11188045 | 11187845 | 200 | 99.99 |
| വികസന ഫണ്ട് (എസ്.സി.പി) | 3522902 | 2606427 | 916475 | 74 |
| സി.എഫ്.സി (Untied) | 8301049 | 6134756 | 2166293 | 74 |
| മെയ്ന്റൻസ് ഫണ്ട് റോഡ് | 16282000 | 16282000 | - | 100% |
| മെയിന്റൻസ് ഫണ്ട് നോൺ റോഡ് | 3535869 | 3535869 | - | 100% |

കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-3-1 എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് തുക എ.സി.ആർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 13673736 | 11187845 | 2485891 |
| വികസന ഫണ്ട് (എസ്.സി.പി) | 3522902 | 2606427 | 916475 |

1-3-2 പ്ലാൻ ഫണ്ട് പ്രകാരം ലഭ്യമായ തുക ലാപ്സായി.

| ഇനം | അലോട്ട്മെന്റ് | ചെലവ് തുക എ.സി.ആർ | 2019-20 ലെ ക്യൂ ബിൽ തുക | ചെലവ് ശതമാനം |
|---|---|---|---|---|

| | | പ്രകാരം | /ലാപ്സായതുക | |
|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 3522902 | 2606427 | 916475 | 74 |
| സി.എഫ്.സി (Untied) | 8301049 | 6134756 | 2166293 | 74 |

തുക ലാപ്സാകാനുള്ള സാഹചര്യം വ്യക്തമല്ല.

1-3-3 ബജററ് പ്രകാരമുള്ള അലോട്ട്മെന്റിനേക്കാൾ കൂടുതൽ തുക പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നു.

ബജററ് പ്രകാരമുള്ള അലോട്ട്മെന്റിനേക്കാൾ കൂടുതൽ തുക പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | അലോട്ട്മെന്റ് തുക | സുലേഖാ പ്രകാരം വകയിരുത്തിയ തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 11196000 | 16250709 |
| വികസന ഫണ്ട്- SCP | 3640000 | 3653576 |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 3572000 | 4539500 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 16282000 | 19957062 |

1-3-4. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(1) പ്രകാരം പട്ടിക ഉപജാതി പദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല. സുലേഖാ ചെലവു പത്രിക പ്രകാരമുള്ള ചെലവ് 1973525/- ആണ്. ലഭ്യമായ തുക(3640000/-) യുടെ 46% തുക പാഴാക്കിയിരിക്കുന്നു.

1-3-5 ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

വിശദാംശം ചുവടെ.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 3335650 | 2595300 | 78 |
| | സേവനം | 17747811 | 13452311 | 76 |
| | പശ്ചാത്തലം | 6429436 | 5873596 | 91 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 300000 | 100000 | 33 |
| | സേവനം | 2621098 | 1224415 | 47 |
| | പശ്ചാത്തലം | 732478 | 649110 | 89 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-4 പണം നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2021 തീയ്യതിയിൽ രാവിലെ 12.10 പി.എം. സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 22432/- രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറിൽ 22449/- രൂപ സൂക്ഷിച്ചിരിക്കുന്നു. 17/- രൂപ അധികമായി കാണപ്പെട്ടു .തനത് ദിവസം നടക്കുന്ന ഇടപാടിനേക്കാൾ കൂടുതലോ കുറവോ തുക നീക്കിയിരിപ്പായി ഉണ്ടാകാൻ പാടില്ല . ഡേ ബുക്കിന് അനുസൃതമായി പണം നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-5 ആഭ്യന്തര നിയന്ത്രണം

1. കളക്ഷൻ നടത്തുന്ന ജീവനക്കാരിൽ 2 പേർ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആകയാൽ ടി രസീതു

ബുക്കുകൾ മുഖേനയുള്ള പിരിവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.
2. നിർവ്വഹണോദ്യോഗസ്ഥർ എല്ലാ പേരും TR 7A ഫോർമാറ്റിലുള്ള ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.
3. വാഹനങ്ങളുടെ വിവരം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
4. ബാങ്ക് അക്കൗണ്ടുകൾ റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല.
5. വരവു ചെലവു കണക്കുകൾ യഥാസമയം സാംഖ്യയിൽ ബുക്കു ചെയ്യാത്തതുകാരണം അവ ധനകാര്യ പത്രികയിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.
6. ഹരിത കർമ്മസേനയുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല. ഷ്രെഡഡ് പ്ലാസ്റ്റിക്ക് വിൽപ്പന നടത്തിയ ഇനത്തിൽ സ്ഥാപനത്തിൽ നിന്നുള്ള വരവ് സംബന്ധിച്ച് യാതൊരു കണക്കുകളും ലഭ്യമല്ല.
7. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 520182 | 1865443 | 2385625 | 2365441 | 20184 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 38465750 | 38465750 | 38465750 | 0 |
| 100 തൊഴിൽദിനങ്ങൾ പൂർത്തീകരിച്ച തൊഴിലാളികൾക്കുള്ള ഇൻസന്റീവ് | ० | 107000 | 107000 | 107000 | 0 |

## 1-7 വസ്തു നികുതി, കെട്ടിട നികുതി ഇനത്തിൽ 1,41,154/- രൂപയുടെ കുടിശ്ശിക

ബി.എസ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവർ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ നിന്നായി വസ്തു നികുതി, കെട്ടിട നികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന നികുതി 2016 മുതൽ നാളിതുവരെയായി ഈടാക്കിയിട്ടില്ല. ഇതനുസരിച്ച് 1,41,154/- രൂപ 2020 രണ്ടാം പാദം വരെ ഈടാക്കാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12 ന പ്രസ്തുത സ്ഥാപനത്തിന് നൽകിയ ഡിമാൻഡ് നോട്ടീസ് ന്റെയും റെവന്യൂ റിക്കവറി നോട്ടിസിന്റെയും പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഇനത്തിൽ ലഭ്യമാക്കേണ്ട 1,41,154/- രൂപ ഈടാക്കാൻ കൈക്കൊണ്ട തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നികുതി സംബന്ധമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | 2016 മുതൽ 2020 രണ്ടാം പാദം വരെ ഈടാക്കാനുള്ള നികുതി |
|---|---|---|
| 1 | KJP/VII/401 (മൊബൈൽ ടവർ) | 43316 |
| 2 | KJP/VII/367 | 93750 |
| 3 | KJP/VII/368 | 2044 |
| 4 | KJP/VII/368A | 2044 |
| | ആകെ | 1,41,154 |

## 1-8 ഭരണ സമിതി തീരുമാനത്തിന് വിരുദ്ധമായി വസ്തു നികുതിയിൽ ഇളവ് നൽകി

27-07-2011 ലെ ഭരണ സമിതി യോഗത്തിൽ വസ്തു നികുതി പരിഷ്കരണം ചർച്ച ചെയുകയും പഞ്ചായത്തിന്റെ മുഴവൻ പ്രദേശങ്ങളും വികസന സാധ്യത ഉള്ളതിനാൽ മുഴവൻ പ്രദേശങ്ങളെയും ഒന്നാം മേഖലയിൽ ഉൾപ്പെടുത്തി ദ്വിതീയം, തൃതീയം എന്നീ വിഭജനം ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു . എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചപ്പോൾ പലരെയും ദ്വിതീയം എന്ന മേഖലയിൽ ഉൾപ്പെടുത്തി കെട്ടിട നികുതിയിൽ ഇളവ് നൽകിയതായി കാണുന്നു. ഭരണ സമിതി തീരുമാനത്തിന് വിരുദ്ധമായി കെട്ടിട നികുതിയിൽ ഇളവ് നൽകിയതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13 ന മറുപടി സമർപ്പിച്ചിട്ടില്ല. ഭരണ സമിതി കൂടി പ്രത്യേക തീരുമാനം

എടുത്തിട്ടില്ലാത്ത പക്ഷം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി കെട്ടിട നികുതിയിൽ ഇളവ് നൽകുന്ന രീതി ഒഴിവാക്കേണ്ടതാണ്.

## 1-9 കെട്ടിട വാടക രജിസ്റ്ററിൽ രസീത് നമ്പറുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2020-21 വർഷത്തെ കെട്ടിട വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ വാടകക്കാരൻ വാടക ഒടുക്കിയതായി കാണിച്ച് രേഖപ്പെടുത്തിയിരിക്കുന്ന രസീത് നമ്പറുകൾ തെറ്റാണെന്ന് കണ്ടെത്തി. ഇത്തരം ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | റൂം നം | രേഖപ്പെടുത്തിയിരിക്കുന്ന രസീത് നം | ശരിയായ രസീത് നം |
|---|---|---|---|
| 1 | 9 | 120150-101765 | 120150-101755 |
| 2 | 10 | 120150-101810 | 120150-101815 |

രേഖപെടുത്തലിലെ പിഴവിന് കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 8 ന ക്ലറിക്കൽ പിഴവ് കാരണമാണ് ഈ പിശക് സംഭവിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ആധികാരിക രേഖ ആയതിനാൽ അവയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-10 ഇ ടെണ്ടർ ഫാറവില ലഭ്യമായത് കൃത്യമാണോ എന്ന് ഉറപ്പില്ല.

ഇ ടെണ്ടർ ഫാറവിലയിനത്തിൽ 15.06.2020 ൽ 76,520/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇത് ഏതു കാലയളവിലേതാണെന്ന വ്യക്തമല്ല. അസി എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റുകൾ പ്രകാരം വിവിധ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന ലഭിക്കേണ്ടിയിരുന്ന തുക ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2014-15 | 5250 |
| 2017-18 | 21800 |
| 2018-19 | 16670 |
| 2019-20 | 30850 |
| ആകെ | 74570 |

ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമായ തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇ ടെണ്ടർ ഫാറവിലയിനത്തിൽ 2020-21 സാമ്പത്തിക വർഷം വരെ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക കൃത്യമായി പരിശോധിച്ച് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ വിവിധയിനം കരാർ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം 18 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇതിന മറുപടിയായി നിലവിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. ബന്ധപ്പെട്ട കരാറുകാരിൽ നിന്നും 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തു എന്നും മറ്റ് തദ്ദേശ സ്ഥാപനത്തിൽ നികുതിയടച്ചിട്ടില്ല എന്നും ഉറപ്പു വരുത്തി തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിന്റെ വരുമാന നഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-12 റ്റി.ആർ 7 എ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

കേരള ട്രഷറി കോഡ് വാല്യം 1 ലെ ആർട്ടിക്കിൾ 92 (എ) പ്രകാരം സർക്കാരിന് വേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7എ ഫോറത്തിലാണ് ക്യാഷ് ബുക്ക് പരിപാലിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ നിലവിലെ വെസ്റ്റ് & ഈസ്റ്റ് സർക്കിൾ വി.ഇ.ഒ മാർ റ്റി.ആർ 7 എ മാതൃകയിലുള്ള ക്യാഷ് ബുക്കിന് പകരം സാധാരണ രജിസ്റ്ററുകളാണ് ക്യാഷ് ബുക്കായി പരിപാലിക്കുന്നത്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള

ക്യാഷ് ബുക്ക് പരിപാലിക്കാത്തതിന്റെ മറുപടി ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/-23.09.2021). നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് ലഭ്യമല്ലാത്തതിനാലും ഭാവിയിൽ എഴുതി സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള ക്യാഷ് ബുക്ക് പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടച്ചിട്ടില്ല.

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ 2020-21 വർഷവും തിരികെ ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ

| തദ്ദേശസ്ഥാപനം | 2019-20ലെ നീക്കിയിരിപ്പ് | 2020 -21ലെ നീക്കിയിരിപ്പ് |
|---|---|---|
| ജില്ലാ പഞ്ചായത്ത് (For Revenue Expenditure) ഹെഡ് കോഡ്- 320700205 | 150000 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് (For Capital Expenditure) ഹെഡ് കോഡ്- 320700304 | 20566 | 20566 |
| ബ്ലോക്ക് പഞ്ചായത്ത് (For Capital Expenditure) ഹെഡ് കോഡ്- 320700104 | 1336445 | 1336445 |
| ബ്ലോക്ക് പഞ്ചായത്ത് (For Revenue Expenditure) ഹെഡ് കോഡ്- 320700204 | 242437 | 242437 |
| ബ്ലോക്ക് പഞ്ചായത്ത് (For Revenue Expenditure) ഹെഡ് കോഡ്- 320700404 | 735515 | 735515 |

തുക ലഭ്യമാക്കിയ സ്ഥാപനത്തിലേയ്ക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ക്രമ വിരുദ്ധമായി സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നു

പെൻഷണർ ഐ.ഡി - 102920100131

ആധാർ നം. - 505584927436

മരണ തീയതി - 27.05.2020

മരണ രജിസ്ട്രേഷൻ തീയതി- 12.06.2020 പെൻഷണറുടെ പേര് - പങ്കജാക്ഷി.പി

പെൻഷൻ ഇനം - കർഷക തൊഴിലാളി പെൻഷൻ

മേൽ പെൻഷണർക്ക് മരണ തീയതിക്ക് ശേഷവും അനുവദിച്ച പെൻഷന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | തുക | അക്കൗണ്ട് നം. | യു.റ്റി.ആർ | ഡബിറ്റി നം. |
|---|---|---|---|---|---|
| 1. | മേയ്/ജൂൺ | 2,600/- | 9591400 | 9554598741 | 202001003 |
| 2. | ജൂലയ്/ഓഗസ്റ്റ് | 2,600/- | -ടി- | 0234477768 | 202001004 |
| 3. | സെപ്റ്റംബർ | 1,400/- | -ടി- | 0908370427 | 202001005 |
| 4. | ഒക്ടോബർ | 1,400/- | -ടി- | 1545609193 | 202001006 |
| 5. | നവംബർ | 1,400/- | -ടി- | 2157102324 | 202001008 |
| 6. | ഡിസംബർ | 1,400/- | -ടി- | 2763212270 | 202001009 |
| | | | | ആകെ | 10,800/- |

സേവന സ്റ്റേറ്റ്മെന്റ് പ്രകാരം പെൻഷൻ തുക പെൻഷണറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക പിൻവലിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പെൻഷണർക്ക് മരണശേഷവും പെൻഷൻ തുക അനുവദിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ 23.09.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവിന്റെ മരണശേഷം അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-15 ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.l പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ 2019-20, 2020-21 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് തല കോർഡിനേഷൻ കമ്മിറ്റി യോഗം ചേർന്നിട്ടില്ല. കോർഡിനേഷൻ കമ്മിറ്റി യോഗം കൃത്യമായ ഇടവേളകളിൽ കൂടേണ്ടതും അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-16 സംയുക്ത പ്രോജക്ടുകളുടെ വരവ്, ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.

2020-21 സാമ്പത്തിക വർഷം സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയും (ധനകാര്യപത്രിക പ്രകാരം ) ആയതിന്റെ ചെലവുതുകയും പൊരുത്തപ്പെടുന്നില്ല. അതായത് വരവിനെക്കാൾ കൂടുതൽ ചെലവഴിച്ചിരിക്കുന്നു.

| തുക ലഭ്യമാക്കിയ സ്ഥാപനം | ധനകാര്യപത്രിക പ്രകാരം ലഭ്യമായ തുക | ചെലവഴിച്ച തുക (സുലേഖ പത്രിക പ്രകാരം) |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1227500 | 1672800 |
| ജില്ലാ പഞ്ചായത്ത് | 2983500 | 3011183 |

വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്യാനുണ്ടായ സാഹചര്യം, തുക ഏതു ഫണ്ടിൽ നിന്നും ചെലവിട്ടു തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30 തീയതി 24.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 കോവിഡിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ച ശമ്പള വിഹിതം തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ധനകാര്യപത്രിക പ്രകാരം ബാലൻസ് ഷീറ്റിൽ “Recoveries Payable COVID’ എന്നയിനത്തിൽ 626743/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക പഞ്ചായത്ത് ജീവനക്കാരുടെയും കോൺട്രാക്റ്റ് സ്റ്റാഫ്, എൻ ആർ ഇ ജി എസ് എന്നിവരിൽ നിന്നും കോവിഡിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ച ശമ്പളത്തിന്റെ ഭാഗമാണ്.

മാറ്റിവച്ച ശമ്പളവിഹിതം സൂക്ഷിക്കുന്നതിനായി ട്രഷറിയിൽ ആരംഭിച്ച സ്പെഷ്യൽ ട്രഷറി അക്കൌണ്ടിൽ നിന്നും ( 799012900001310) 28.03.2021 ൽ 6,26,743/- രൂപ പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ആയതിൽ 4,91,657/- രൂപ ചെക്ക് നം 563451/01.04.21 പ്രകാരം പിൻവലിച്ച് ജീവനക്കാരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം 19/22.09.2021) . ബാക്കി തുക 1,35,086/-വിതരണം ചെയ്യാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പ്രസ്തുത തുക സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 വീട് പൂർത്തീകരിച്ചതിനുശേഷവും ലൈഫ് ഭവനപദ്ധതി പ്രകാരമുള്ള വീടുകളിൽ അവിദഗ്ധകായികാധ്വാനത്തിന് തുക നൽകിയിരിക്കുന്നു. 8730/- രൂപ ഈടാക്കേണ്ടതാണ്

2020-21 വർഷം ലൈഫ് ഭവന പദ്ധതിയിലൂടെ വീട് പൂർത്തീകരിച്ച് അവസാനഗഡു തുക കൊടുത്തശേഷവും ടി വീടുകളിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ധ കായികാധ്വാനം നടത്തിയതിന് തൊഴിലാളികൾക്ക് കൂലി നൽകിയിരിക്കുന്നു.

വി ഇ ഒ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ലൈഫ് ഭവനനിർമാണ സഹായത്തിന്റെ അവസാന ഗഡു നൽകിയിരിക്കുന്ന തീയതി 31.03.2021 ആണ്. പ്രസ്തുത തീയതിക്ക് ശേഷവും അവിദഗ്ധ കായികാധ്വാനത്തിന് തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ.

പ്രവർത്തിയുടെ പേര് - ഭവനനിർമാണം (10/215) ബിന്ദു, സുരേഷ്

ടെക്നിക്കൽ അനുമതി - നം 1614001002/2020-21/188192/TS(06.07.20)

ഗുണഭോക്താവിന്റെ പേര് - ബിന്ദു, സുരേഷ്കുമാർ ,കാക്കത്തോട്ടം കോളനി, പുല്ലുവിള പി ഒ

ആകെ ചെലവ് തുക – 26190/- രൂപ , എം ബുക്ക് നം - IP490575

| മസ്റ്റർ റോൾ നം /വേജ് ലിസ്റ്റ് | ഇഷ്യൂ ചെയ്ത | നൽകിയ | |
|---|---|---|---|

| നം | തീയതി രണ്ടുപേർക്ക് | തുക | |
|---|---|---|---|
| 803/490575 Dated 12.05.21 | 17.05.2021-24.05.21 | 4656 | 8ദിവസം 2 പേർക്ക് @291രൂപ വീതം |
| 301/490575 Dated 17.04.21 | 19.04.21-26.04.21 | 4074 | 7ദിവസം 2 പേർക്ക്@291 രൂപ വീതം |
| | ആകെ | 8730 | |

ലൈഫ് പദ്ധതിയിൽ അനുവദിച്ച വീട് പൂർത്തീകരിച്ച ശേഷം പ്രസ്തുത പദ്ധതിയിൽ ഇപ്രകാരം തുക അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 32/25.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ അവിദഗ്ധ കായികാധ്വാനത്തിനായി അധികമായി ചെലവഴിച്ച 8730/- രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 പ്രവൃത്തി ബില്ലിൽ നിന്നും ടെണ്ടർ കിഴിവ് കുറവ് വരുത്തിയില്ല. അധികമായി അനുവദിച്ച 14,652/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി.

പ്രോ. നം. 108/21 ഊറ്ററ പനച്ചമൂട് റോഡ് പുനരുദ്ധാരണം പദ്ധതി 21.12% ടെണ്ടർ കിഴിവിലാണ് ശ്രീ. ചന്ദ്രമോഹനൻ ആർ കരാർ എടുത്തിരുന്നത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി അനുവദിച്ചപ്പോൾ ടെണ്ടർ കിഴിവ് വരുത്താതെ മുഴവൻ തുകയും അനുവദിച്ചു.

ബിൽ നം., തീയതി - 74/03.03.2021

ബിൽ തുക / അനുവദിച്ച തുക - 69376/-

അനുവദിക്കേണ്ട തുക

പ്രവൃത്തി മൂല്യം - 61943

(-) ടെണ്ടർ കുറവ് 21.12% - 13082

ആകെ പ്രവൃത്തി മൂല്യം - 48861

(+) ജി.എസ്.ടി.12% - 5863

അനുവദിക്കേണ്ട തുക - 54724/-

അധികമായി അനുവദിച്ച തുക - 69376- 54724 = 14,652/-

ടെണ്ടർ കിഴിവ് കുറവു വരുത്താത്ത വിവരം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നം. 27/20-21 തീയതി 24.09.2021) തുക 25.09.2021 തീയതിയിലെ ട്രഷറി ചലാൻ മുഖേന ഒടുക്കി പകർപ്പ് ലഭ്യമാക്കി.

## 1-20 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

2019-20 ലെ ധനകാര്യപത്രിക പ്രകാരം മുൻകൂറായി നൽകിയിരിക്കുന്ന തുകകൾ 2020-21 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല.

| ഇനം | 2019-20 ലെ ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് | 2020-21 ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് | രജിസ്ററർ പ്രകാരം നീക്കിയിരിപ്പ് | കുറിപ്പ് ചെക്ക് നം /തീയതി |
|---|---|---|---|---|
| ടൂർ ടി എ | 2000 | 2000 | 2000 | |
| ഫെസ്റ്റിവൽ അഡ്വാൻസ് | 3000 | 0 | 18000 | ലക്ഷ്മി ജി ജെ, Rs. 15000/- 985877/ 25.08.20 സന്തോഷ് കുമാർ Rs.3000/- 6394796/18.08.18 |

രജിസ്റ്റർ പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്ന തുക രണ്ട് മാസത്തിനകം പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും

ഈടാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്. വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 പൊരുത്തപ്പെടുത്തൽ പത്രിക സമയബന്ധിതമായി തയാറാക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി അടുത്ത മാസം 5- ാം തീയതിയ്ക്കകം അക്കൌണ്ടന്റ് ബാങ്ക്/ ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയാറാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ നിലവിലുള്ള വിവിധ അക്കൌണ്ടുകൾക്ക് ഇപ്രകാരം പൊരുത്തപ്പെടുത്തൽ പത്രിക തയാറാക്കിയിട്ടില്ല. ലഭ്യമാക്കിയ റീകൺസിലിയേഷൻ പത്രികകളിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ വർഷാദ്യം മുതൽ അവസാനം വരെ ക്രമീകരിക്കാതെ നിലനിർത്തിയിരിക്കുന്നു.

സ്ഥാപനത്തിന്റെ വരവ് ചെലവുകളുടെ അക്കൌണ്ടിംഗ് കൃത്യമായും സമയബന്ധിതമായും നടത്തി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-22 ചെക്കുകൾ കളക്ഷനായില്ല- വിശദാംശങ്ങൾ ലഭ്യമല്ല- തനത് ഫണ്ടിന് നഷ്ടം 67317/- രൂപ

SBI തനത് ഫണ്ട് അക്കൌണ്ടിന്റെ മാർച്ച് 2021 ലെ റീ കൺസിലിയേഷൻ പത്രിക പ്രകാരമുള്ള ചുവടെ ചേർക്കുന്ന ചെക്കുകൾ നാളിതുവരെ കളക്ഷനായിട്ടില്ല.

| ചെക്ക് നം | തുക |
|---|---|
| 2323841/20.03.2020 | 37500 |
| 10231296/30.06.20 | 5000 |
| 578775/ 06.04.2020 | 4263 |
| Instrumment No 120150900001/4.03.20 | 20554 |
| ആകെ | 67317 |

ചെക്കുകൾ എന്താവശ്യത്തിനാണ് ലഭിച്ചത്, ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല ( നം.16, തീയതി 21.09.2021). തനത് ഫണ്ടിനുണ്ടായ 67317/- രൂപയുടെ നഷ്ടം ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 സമയപരിധിയിൽ പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾ - ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 സെക്ഷൻ 2112, 18.8.2018 ലെ A.C2/223/15 തസ്വഭവ നം സർക്കുലർ എന്നിവ പ്രകാരം, കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി തീരുന്നതിന് മുമ്പ് ദീർഘീകരണത്തിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രേസ് പീരിയഡ് അനുവദിക്കാവുന്നതാണ്. കരാറുകാരന്റെ പിഴവ് മൂലം ദീർഘീകരണം ആവശ്യമായ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലയളവിന്റെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലയളവ് ദീർഘിപ്പിക്കേണ്ടി വരുന്ന പക്ഷം PAC യുടെ 2% ഫൈൻ ഈടാക്കി പൂർത്തീകരണ കാലയളവിന്റെ 25% കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാരം വർദ്ധിപ്പിച്ച് നൽകാവുന്ന പരമാവധി കാലയളവ് പൂർത്തീകരണ കാലയളവിന്റെ 50% മോ, 6 മാസമോ ആയിരിക്കുന്നതാണ്.

മേൽ വ്യവസ്ഥകൾ പാലിക്കാതെയും, കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കാൻ ആവശ്യപ്പെടുകയോ ഭരണസമിതി തീരുമാനം എടുക്കുകയോ ചെയ്യാതേയും ഫൈൻ ഈടാക്കാതെയും കരാറുകാരന് ബിൽ തുക നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | കരാറുകാരൻ | പി.എ.സി., പ്രവൃത്തി കാലയളവ് | കരാർ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 151/21 | അഭിഷേക്.ജെ | 441925, 4മാസം | 30.08.2019 | 19.03.2020 | 30.12.2019 | 4383 |

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന (നം. 17/20-21, തീയതി 22.09.2021) പദ്ധതി നടപ്പാക്കുന്ന സമയത്ത് ലോക്ഡൗണമായി ബന്ധപ്പെട്ട് പണി ചെയ്യുന്നതിന് തടസ്സം നേരിടേണ്ടി വന്നതിനാലാണ് പിഴ ഈടാക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. പിഴ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 മറ്റു വരവുകൾ - ഉറവിടം കണ്ടെത്താനാകാതെ 11,97,965/- രൂപ

മിസല്ലേനിയസ് രസീപ്റ്റ്സ് എന്ന ലെഡ്ജർ പ്രകാരം (180800199) 1197965/- (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി തൊള്ളായിരത്തി അറുപത്തിയഞ്ച് രൂപ ) തനത് ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത വരവിന്റെ വിശദാംശങ്ങൾ (ഏതിനത്തിലെ വരവുകളാണെന്ന്) ലഭ്യമാക്കുന്നതിനും ഇപ്രകാരം വലിയ തുക മേൽ ശീർഷകത്തിൽ ബുക്ക് ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 'വരവ് ഏതിനത്തിൽ എന്നറിയാത്ത തുകകളാണ് മിസല്ലേനിയസ് എന്നയിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന്' മറുപടി നൽകി.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിൽ നിഷ്കർഷിക്കും വിധം ലഭ്യമാകുന്ന എല്ലാ പണം വരവുകളും പണം നൽകലുകളും ലഭിക്കുന്ന സ്രോതസിന് അനുസൃതമായി അക്കൌണ്ട് ചെയ്യേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിൽ സ്രോതസ് അറിയാതെ 11,97,965/- രൂപ അക്കൌണ്ട് ചെയ്ത വിവരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 ഭരണസമിതി തീരുമാനത്തിൻമേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

2018-2019 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.41 പ്രകാരം കട്ട നിർമാണ യൂണിറ്റിനായി ഫെഡറൽ ബാങ്കിൽ ആരംഭിച്ച ജോയിന്റ് അക്കൌണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക തനത് ഫണ്ടിൽ മുതൽകൂട്ടുന്നതിനും തമ്പീസ് ഹോളോ ബ്രിക്സ് യൂണിറ്റിന് നൽകിയ അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

24.02.2020 ലെ 3(2)-ാം നമ്പർ തീരുമാനപ്രകാരം തമ്പീസ് ഹോളോബ്രിക്സ് യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതായ അറിയിപ്പ് ഉടമയ്ക്ക് നൽകുന്നതിനും അഡ്വാൻസ് തുകയായ ഒരു ലക്ഷം രൂപ തിരികെ വാങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും തുക ലഭ്യമല്ലാത്ത പക്ഷം ആയതിന് നടപടി സ്വീകരിക്കേണ്ട MGNREGS വിഭാഗത്തിന്റെ കൂട്ടുത്തരവാദിത്തത്തിൽ തുക ലഭ്യമാക്കുന്നതിനും അക്രഡിറ്റഡ് എഞ്ചിനീയറെ ഭരണസമിതി ചുമതലപ്പെടുത്തിയിരിക്കുന്നു.

ഭരണസമിതിയുടെ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കിയതിന്റെയും അക്കൌണ്ട് ക്ലോസ് ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 24/23.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യപത്രിക പ്രകാരം പ്രസ്തുത അക്കൌണ്ട് നിലവിൽ ക്ലോസ് ചെയ്യാതെ നിലനിർത്തിയിരിക്കുന്നു.

കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും മുൻകൂർ നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – 566888/- രൂ തടസ്സപ്പെടുത്തുന്നു

ചുവടെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് 2020-21 സാമ്പത്തികവർഷത്തിൽ തുക ഒടുക്കിയെങ്കിലും ആയവ പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രവർത്തി | ഒടുക്കിയ തുക | ഏജൻസി |
|---|---|---|---|
| 1 | നെല്ലിക്കാക്കുഴി കുഴിക്കാക്കാനം കാക്കലംകാനം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 542000 | KWA, കാഞ്ഞിരംകുളം |
| 2 | കപ്യാർമുക്ക് കുളത്തിൽറോഡ് പോസ്റ്റ് ഷിഫ്റ്റിംഗും ലൈൻ എക്സ്റ്റൻഷനും | 24888 | KSEB |
| | | 566888 | |

പ്രസ്തുത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ക്വട്ടേഷൻ കൂടാതെയുള്ള സാധനം വാങ്ങൽ - ആവശ്യകത നിർണ്ണയിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ഘടകസ്ഥാപനങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചിട്ടുള്ളത് Arm Chair, Steel Table, Revolving Chair എന്നീ മൂന്ന് ഇനങ്ങൾക്ക് മാത്രമാണ്. ഇമ്മാനുവൽ ഫർണിച്ചർ, ബാലരാമപുരം എന്ന സ്ഥാപനം ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളതും ഇവയ്ക്ക് മാത്രമാണ്. എന്നാൽ വാങ്ങിയ സാധനങ്ങൾ ചുവടെപ്പറയും പ്രകാരമാണ്.

| ഇനം | ഓർഡർ ചെയ്ത എണ്ണം | ലഭിച്ച എണ്ണം |
|---|---|---|
| Executive Chair | 7 | 7 |
| Revolving Chair | 35 | 38 |
| Office Chair | 8 | 8 |
| S Type Chair | 7 | 7 |
| Steel Table | 16 | 16 |
| Arm Chair | 193 | 215 |

ക്വട്ടേഷൻ അംഗീകരിച്ച ശേഷം ഘടകസ്ഥാപനമേധാവികളുടെ ആവശ്യപ്രകാരം കൂടുതൽ സാധനങ്ങൾ വാങ്ങേണ്ടിവന്നു എന്നാണ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്. ഓർഡർ ചെയ്തതിലെയും ലഭിച്ചതിലെയും അളവുകളിലെ വ്യത്യാസം വിശദീകരിച്ചിട്ടുമില്ല. ഇവയുടെ വിതരണവിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

വാങ്ങേണ്ട സാധനങ്ങളെപ്പറ്റി കൃത്യമായ ധാരണയില്ലാതെയും ആവശ്യകത നിർണ്ണയിക്കാതെയും ഇപ്രകാരം സാധനങ്ങളും ഉപകരണങ്ങളും വാങ്ങുന്നത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർജ്ജീവാവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. വർഷാരംഭത്തിൽ തന്നെ ആവശ്യകതാനിർണ്ണയം നടത്തേണ്ടതും വാങ്ങൽ നടപടികൾ ഏകോപിപ്പിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. എന്നാൽ പ്രസ്തുത കമ്മിറ്റി തൻവർഷം ഒരു തവണ പോലും കൂടിയിട്ടുള്ളതായി രേഖയില്ല.

## 1-28 ഹരിതകർമ്മസേന – കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല

ഒരു കാലത്ത് കേരളത്തിന്റെ മുഖമുദ്രയായി കണക്കാക്കപ്പെട്ടിരുന്ന ശുചിത്വം, ജലസമൃദ്ധി ഇവ വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം പദ്ധതി പ്രവർത്തനമാരംഭിച്ചത്. കാഞ്ഞിരംകുളം പഞ്ചായത്തിൽ ഒരു ഹരിതകർമ്മസേന പ്രവർത്തിച്ചുതുടങ്ങിയത് 2020 മേയ് മാസത്തിലാണ്. വീടുകളിലും കടകളിലും മറ്റുമുള്ള മാലിന്യങ്ങൾ കർമ്മസേനാപ്രവർത്തകർ യൂസർഫീ ഈടാക്കി ശേഖരിക്കുകയാണ് ചെയ്തുവരുന്നത്. പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി ഒരു ഷ്രെഡിംഗ് യൂണിറ്റും പ്രവർത്തിക്കുന്നു.

പ്രവർത്തകരുടെ വേതനം, വാഹനത്തിന്റെ അറ്റകുറ്റപണികൾ എന്നിവ ഉൾപ്പടെയുള്ള ചെലവുകൾ എല്ലാം ഹരിതകർമ്മസേന തന്നെ വഹിക്കണം എന്ന നിബന്ധനയിന്മേലാണ് പ്രവർത്തനമാരംഭിച്ചത്. എന്നാൽ പ്രവർത്തകർക്ക് കൃത്യമായി വേതനം നൽകുന്നതിനുവേണ്ടി 422750/-രൂപ തനതുഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുണ്ട്. കൂടാതെ വിവിധ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് എത്തിച്ചതിനുള്ള വണ്ടിവാടക, ഉപഭോക്തൃകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പ്രിന്റിംഗ് ചാർജ്ജ് മുതലായവയെല്ലാം തനതുഫണ്ടിൽ നിന്നാണ് ചെലവാക്കിയിട്ടുള്ളത്. തൻവർഷം യൂസർ ഫീ ഇനത്തിൽ 361595/-രൂ വരവുണ്ട്. തനതുഫണ്ടിൽ നിന്നും അധികമായി ചെലവായ തുക പ്ലാൻഫണ്ടിൽ നിന്നും റീക്രൂപ്പ് ചെയ്തിട്ടുമില്ല.

സ്ഥാപനത്തിലെ രേഖകൾ പ്രകാരം ക്ലീൻകേരള കമ്പനിയുടെ നിർദ്ദേശത്തിൻമേൽ വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത് 7102.04 കിലോ ഷ്രെഡഡ് പ്ലാസ്റ്റിക്ക് ആണ്. 18/-രൂ നിരക്കിൽ 5563.83 കിലോയുടെ വിലയായ 100149/-രൂ പഞ്ചായത്തിന് അനുവദിക്കുകയും ആയത് പ്രവർത്തകർക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 9.3.21ലെ കത്തിൽ ശേഷിക്കുന്ന 5568 കിലോ പ്ലാസ്റ്റിക്കിന്റെ വില ലഭ്യമാക്കണമെന്നാണ് സെക്രട്ടറി ക്ലീൻ കേരള കമ്പനിയോട് അവശ്യപ്പെട്ടിട്ടുള്ളത്. കൈമാറ്റം ചെയ്തതെത്രയെന്നോ ഇനിയും തുക ലഭിക്കാനുള്ളത് എത്ര അളവിനെന്നോ ഉള്ള കൃത്യമായ യാതൊരു കണക്കും സ്ഥാപനത്തിൽ ലഭ്യമല്ല. 20-21 വർഷത്തിലെ വരവുചെലവുകൾ പരിശോധിക്കുന്നതിനായി വ്യക്തമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. പ്രവർത്തനങ്ങൾ വിലയിരുത്താൻ സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിക്കാൻ വ്യവസ്ഥയുണ്ടെങ്കിലും ആയതും പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

പദ്ധതി വിജയകരമായി നടപ്പാക്കുവാൻ ഒരു കൺസോർഷ്യം രൂപീകരിക്കണമെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ നിയന്ത്രണം അതിനെ ഏല്പിക്കണമെന്നുമുള്ള ഭരണസമിതി തീരുമാനം അടിയന്തിരമായി നടപ്പാക്കിയാൽ വരവുചെവുകണക്കുകൾ കൃത്യമായി സൂക്ഷിക്കാനും തദ്വാരാ തനതുഫണ്ടിന് നഷ്ടം ഉണ്ടാകാതിരിക്കാനും കഴിയും. ഇതിലേക്ക് അധികാരികളുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 തെരുവുവിളക്ക് മെയിന്റനൻസ്- പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ തെരുവുവിളക്ക് മോയിന്റനൻസ് എന്ന പദ്ധതിയിൽ കോൺട്രാക്ടറായി നിയോഗിച്ചിട്ടുള്ളത് ശ്രീ. പ്രിൻസ്.ജെ, ജെ.എസ്.നിലയം, കാരോട് എന്നയാളെയാണ്. ടിയാൾ സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം സിംഗിൾ ട്യൂബ് - 100/-രൂ, ഡബിൾ ട്യൂബ് - 175/-രൂ, LED ബൾബ് - 150/-രൂ എന്നിങ്ങനെയാണ് അറ്റകുറ്റപണികൾക്കുള്ള നിരക്കുകൾ.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവുവിളക്കുകളും അംഗീകരിച്ച നിരക്കിൽ മെയിന്റനൻസ് നടത്തേണ്ടതാണെന്നും മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേടു വന്ന വിളക്കുകളെ സംബന്ധിച്ച വിവരം കോൺട്രാക്ടറെ അറിയിക്കുവാനുള്ള സംവിധാനങ്ങളൊന്നും പഞ്ചായത്തിലില്ല. കേടായി മാറ്റേണ്ടി വരുന്ന ഉപകരണങ്ങൾ എന്തു ചെയ്യണമെന്നതു സംബന്ധിച്ചും കരാറിൽ വ്യക്തതയില്ല.

ഫയൽ പരിശോധിച്ചതിൽ ചെക്ക് നം. 563466 പ്രകാരം 197950/-രൂ ലേബർ ചാർജ്ജായി നൽകിയ ഒരു ബില്ലിൽ മാത്രമാണ് കോൺട്രാക്ടർ സമർപ്പിച്ച പണി ചെയ്ത വിളക്കുകളുടെ ലിസ്റ്റും മെമ്പർമാരുടെ സാക്ഷ്യപത്രവും കൃത്യമായി സൂക്ഷിച്ചിട്ടുള്ളത്. ഇവയിൽ ചുവടെപ്പറയും പ്രകാരമുള്ള പൊരുത്തക്കേട് ഓഡിറ്റ് ചൂണ്ടിക്കാട്ടുകയുണ്ടായി

സിംഗിൾ ഡബിൾ LED

ട്യൂബ് ട്യൂബ് ബൾബ്

കോൺട്രാക്ടറുടെ ലിസ്റ്റ് പ്രകാരം 255 295 648

മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം 237 331 663

ലേബർ ചാർജ്ജ് മൽകിയത് 568 - 657

ഇതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടിയോടൊപ്പം അധികമായി നൽകിയ ലേബർ ചാർജ്ജ് തിരികെ ഒടുക്കുന്നതായി കാണിച്ച് 26325/-രൂ ഒടുക്കിയതിന്റെ രസീതും ഹാജരാക്കിയിട്ടുണ്ട് . ശേഷിച്ച ബില്ലുകളിലൊന്നും വിളക്കുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

കൃത്യമായ രേഖകളോ പണി ചെയ്തതിന്റെ വിവരങ്ങളോ ഇല്ലാതെ ലേബർ ചാർജ്ജ് നൽകുന്നതെങ്ങനെയെന്ന് വ്യക്തമല്ല. ഇക്കാരണത്താൽ ഓരോ ബില്ലിലും തനതുഫണ്ടിന് നഷ്ടം ഉണ്ടാകുന്നതായി കരുതേണ്ടിയിരിക്കുന്നു. പൊതുപണം ചെലവഴിക്കുന്നതിൽ ഇത്തരത്തിലുള്ള നിരുത്തരവാദപരമായ സമീപനം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

### 1-30 രേഖകൾ ഹാജരാക്കിയില്ല – 20000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 211/21 നം പദ്ധതി - ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് പ്രകാരം ബ്ലോക്ക് വിഹിതമായി ലഭിച്ച 20000/- രൂ പാദസരം എന്ന കുടുംബശ്രീ യൂണിറ്റിന് കൈമാറിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് എന്ത് ഉദ്ദേശ്യത്തിനാണെന്നോ തിരികെ അടയ്ക്കേണ്ടതെങ്ങനെയാണെന്നോ ഒന്നും ഫയലിൽ വ്യക്തമല്ല. ഇതിനോടനുബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പഞ്ചായത്തുമായി കരാർ വെച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. ഇതിനായി പ്രത്യേകം അക്കൗണ്ട് നിലവിലുണ്ടോ, തുക തിരികെ ഒടുക്കുന്നുണ്ടോ എന്നതൊന്നും പരിശോധിക്കാനായിട്ടില്ല.

ഈ സാഹചര്യത്തിൽ, 20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വ്യക്തമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | റിമാർക്സ് | |
|---|---|---|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് 2020-21 | ലൈഫ് ഭവനപദ്ധതി ജനറൽ | 3000000 | 120000 | ധനകാര്യപത്രിക പ്രകാരം നേരിട്ട് ചെലവഴിച്ച തുക 2983500 ഉം പഞ്ചായത്തിലെ അക്കൌണ്ടിൽ നിന്നും ചെലവായ തുക 27683/- ഉം ആണ് |
| | ലൈഫ് ഭവനപദ്ധതി ജനറൽ ( സ്പിൽ ഓവർ ) | 1056217 | 1056000 | |
| | ലൈഫ് ഭൂരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ | 3300000 | 800000 | |
| | ലക്ഷം വീട് അടിസ്ഥാന സൌകര്യ വികസനം | 360000 | 200000 | |
| | ലൈഫ് ഭവനപദ്ധതി എസ് സി | 27683 | 27683 | |
| | സ്നേഹസ്പർശം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 435750 | 427500 | |
| | ക്ഷീരസമൃദ്ധി പാലിന് ഇൻസന്റീവ് നൽകൽ | 400000 | 280000 | |
| | ക്ഷീരസമൃദ്ധി പാലിന് ഇൻസന്റീവ് നൽകൽ (സ്പിൽ ഓവർ) | 400000 | 100000 | |
| ആകെ | | | 3011183 | |
| ബ്ലോക്ക്പഞ്ചായത്ത് 2020-21 | ലൈഫ് ഭൂരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ | 2000000 | 600000 | - |
| | ലക്ഷം വീട് പുനരുദ്ധാരണം ന്യൂലൈഫ് | 160000 | 50000 | |
| | സ്നേഹസ്പർശം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 435750 | 427500 | |
| | സ്നേഹസ്പർശം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്(സ്പിൽ ഓവർ) | 271500 | 271500 | |
| | ലക്ഷം വീട് അടിസ്ഥാന സൌകര്യ വികസനം | 130000 | 50000 | |
| | ലൈഫ് ഭവനപദ്ധതി എസ് സി | 153800 | 153800 | |
| | ക്ഷീരസമൃദ്ധി പാലിന് ഇൻസന്റീവ് നൽകൽ | 400000 | 100000 | |
| | ജനകീയ ഹോട്ടലിന് റിവോൾവിംഗ് ഫണ്ട് നൽകൽ | 20000 | 20000 | 1672800 |

## 4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 542000 | 542000 | - | - |
| KSEB | കപ്യാർമുക്ക് കുളത്തിൽ റോഡ് പോസ്റ്റ് ഷിഫ്റ്റിംഗ് & ലൈൻ എക്സ്റ്റൻഷൻ | 24888 | 24888 | - | - |
| | ആകെ | 566888 | 566888 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലോൺ | | | 1335558 | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 8,48,16,109 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,08,96,364 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,95,618 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 8,730 | ശ്രീ ഹരിൻ ബോസ്, സെക്രട്ടറി |
| 1-26 | 5,66,888 | ശ്രീ ഹരിൻ ബോസ്, സെക്രട്ടറി |
| 1-30 | 20,000 | ശ്രീ ഹരിൻ ബോസ്, സെക്രട്ടറി |
| ആകെ | 5,95,618 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസ വും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഹരിൻ ബോസ്, സെക്രട്ടറി | സെക്രട്ടറി,<br>കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് | ബോസ് ഭവൻ,<br>അമ്പിളിയോട്,<br>ബാലരാമപുരം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1400/2018,<br>തീയതി.16.06.2018 | 2 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1400/2018,<br>തീയതി.16.06.2018 | 1 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2275/11,<br>തീയതി.23.11.2011 | 3 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2276/11,<br>തീയതി.11.12.2012 | 4 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.3/<br>തീയതി.21.04.2013 | 6 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/589/14,<br>തീയതി.26.04.2014 | 11 | |

| | | | |
|---|---|---|---|
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1488/14, തീയതി.27.10.2014 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/39/15, തീയതി.19.12.2015 | 16 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1087/16, തീയതി.30.07.2016 | 9 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2061/16, തീയതി.01.12.2016 | 22 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1836/2017, തീയതി.08.09.2017 | | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2591/2018, തീയതി.16.02.2019 | | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/ തീയതി | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്